മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 27

## വാർത്താക്കുറിപ്പ്

---

### തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാല ഊർജ്ജിതമാക്കും: വൈസ് ചാൻസലർ

സർവ്വകലാശാല വിവിധ സ്ഥാപനങ്ങളും കമ്പനികളുമായി സഹകരിച്ച് തൊഴിലന്വേഷകർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. സർവ്വകലാശാല എംപ്ലോയ്്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ കോട്ടയം, എംപ്ലോയബിലിറ്റി സെന്റർ കോട്ടയം എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച മെഗാ തോഴിൽ മേളയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.ജി. സർവ്വകലാശാലയുടെ കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാകുന്നു എന്ന് വരുന്നത് ഭാവിയിൽ സർവ്വകലാശാലയുടെ വളർച്ചക്ക് സഹായകരമാകുമെന്നും അത് കൂടുതൽ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് സർവ്വകലാശാലയെ തെരഞ്ഞെടുക്കുന്നതിന് പ്രചോദനമാകുമെന്നും അദ്ദേഹം പറഞ്ഞു. മെഗാതൊഴിൽ മേള അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി., സിൻഡിക്കേറ്റ് അംഗങ്ങളായ റെജി സക്കറിയ, ഡോ. എ. ജോസ്, ഡോ. ഷാജില ബീവി എസ്., അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ബിജു വലിയമല എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ:** മെഗാ തൊഴിൽ മേള അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

(പി.ആർ.ഒ./39/1242 /2022)

### വോക്-ഇൻ ഇന്റർവ്യൂ മാറ്റി

ബിസിനസ്സ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിൽ (ബി.ഐ.ഐ.സി.) ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ (റ്റി.ബി.ഐ.) മാനേജർ തസ്തികയിലേക്ക് ആഗസ്റ്റ് 29 ന് നടത്താൻ നിശ്ചയിച്ചിരുന്ന വോക്-ഇൻ ഇന്റർവ്യൂ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/124 3/2022)

## കോഴ്സുകളിലേക്ക് 31 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഫലിം മേക്കിങ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തുന്ന എം.ടെക് പോളിമർ സയൻസ് ആൻഡ് ടെക്നോളജി എന്നീ പ്രോഗ്രാമുകളിലേക്ക് ആഗസ്റ്റ് 31 ന് വൈകിട്ട് നാല് മണി വരെ www.cat.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in.

(പി.ആർ.ഒ./39/124 4/2022)

## പരീക്ഷാ ഫലം

2022 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്. - ബി.എ. / ബി.കോം. / ബി.എസ്.സി. (മോഡൽ I, II, III) (2017-2019 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് സെപ്റ്റംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/124 5/2022)

2022 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്. - ബി.ബി.എ./ ബി.സി.എ./ ബി.ബി.എം./ ബി.എഫ്.ടി./ ബി.എസ്.ഡബ്ല്യു./ ബി.ടി.ടി.എം. (മോഡൽ III - ന്യൂ ജനറേഷൻ) (2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ റീ-അപ്പിയറൻസ് / 2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് സെപ്റ്റംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/124 6/2022)

2019 നവംബറിൽ നടന്ന ഒന്ന് മുതൽ ആറ് വരെ സെമസ്റ്റർ ബി.എഫ്.ടി. (ഓഫ് ക്യാമ്പസ് - സപ്ലിമെന്ററി / മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ ആറ് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/124 7/2022)

2021 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്.-എം.എസ്.സി. ഫിസിക്സ് (2012-2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് സെപ്റ്റംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/124 8/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**